# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം

നമ്പർ:ഇ3/2502/എബിറ്റിറ്റി/2018/1492 27.11.2018

## ക്വട്ടേഷൻ പരസ്യം

വിഷയം: 2019-ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ദേവി ആഡിറ്റോറിയത്തിൽ വച്ച് മെസ്സ് നടത്തുന്നതിനുള്ള ഭക്ഷണസാധനങ്ങൾ പാചകം ചെയ്ത് വിളമ്പുന്നതിന്:-

ആറ്റുകാൽ ഭഗവതി ക്ഷേത്രം 2019-ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഫെബ്രുവരി മാസം 12-ാം തീയതി മുതൽ 21-ാം തീയതി വരെയുള്ള ദിവസങ്ങളിൽ ഭക്ഷണം പാചകം ചെയ്ത് വിളമ്പി കൊടുക്കുന്നതിന് മുൻപരിചയമുള്ള പാചകക്കാരിൽ നിന്നും മുദ്രവച്ച മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. 2019 ഫെബ്രുവരി 12-ാം തീയതി മുതൽ 21-ാം തീയതി വരെ ഉച്ചയ്ക്ക് 12 മണി മുതലും, ഫെബ്രുവരി 19, 20 എന്നീ തീയതികളിൽ രാത്രിയിലും മെസ്സിലേയ്ക്ക് വേണ്ടി 100 കിലോഗ്രാം അരിയുടെ ചോറും അതിലേയ്ക്കാവശ്യമായ കറികളും (പരിപ്പ്, സാമ്പാർ, വറുത്തെരുശ്ശേരി, അവിയൽ, തോരൻ, തീയൽ, കിച്ചടി, അച്ചാർ, രസം, മോര്, പുളിശ്ശേരി, പർപ്പടം), കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലി.

2. മേൽ പറഞ്ഞിരിക്കുന്നതായ ഭക്ഷണത്തിന് ആവശ്യമായ പായസം കൂടി പാചകം ചെയ്യുന്നതിനുള്ള കൂലി (ഊണ് ഉൾപ്പടെ) ക്വട്ടേഷനിൽ കാണിക്കണം.

3. 2019 ഫെബ്രുവരി 12-ാം തീയതി മുതൽ 21-ാം തീയതി വരെ രാവിലെയും, ഫെബ്രുവരി 12-ാം തീയതി മുതൽ 18-ാം തീയതി വരെ രാത്രിയിലും കാപ്പി സദ്യ നടത്തുന്നതിന് വേണ്ടി 10 കിലോഗ്രാം അരിയും, അതിനാവശ്യമായ ഉഴുന്നും കൂട്ടിച്ചേർത്ത് ആട്ടി കിട്ടുന്ന മാവിന്റെ ദോശ/ഇഡ്ഡലി, 10 കിലോഗ്രാം മാവിന്റെ അപ്പം/ഇടിയപ്പം/ചപ്പാത്തി/ ബറോട്ട/പൂരി/ഉപ്പുമാവ് (ബോംബെ റവ) ഇതിനാവശ്യമായ കറി, ചായ, കാപ്പി, കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലി.

4. 2019 ഫെബ്രുവരി 12-ാം തീയതി മുതൽ 18 -ാം തീയതി വരെ വൈകുന്നേരം 4.00 മണി മുതൽ ചായയും, കാപ്പിയും അതിന്റെ കൂടെ എണ്ണപ്പലഹാരങ്ങൾ കൂടി കൊടുക്കുന്നതിലേയ്ക്കായി 10 കിലോഗ്രാം വടപ്പരിപ്പ്/ ഉഴുന്ന്/പയർ/ വാഴയ്ക്ക/ഏത്തപ്പഴം/സവാള/ഉരുളക്കിഴങ്ങ്/തൊണ്ടൻമുളക്/കത്തിരിക്ക/ഗോതമ്പുമാവ് എന്നിവയ്ക്ക് ആവശ്യമായ ചേരുവകൾ ചേർത്ത് പാചകം ചെയ്യുന്നതിനുള്ള കൂലി.

5. 2019 ഫെബ്രുവരി 21-ാം തീയതി രാത്രിയിൽ സ്പെഷ്യൽ കാപ്പി സദ്യ നടത്തുന്നതിനു വേണ്ടി വാങ്ങി തരുന്ന സാധനങ്ങൾ പാചകം ചെയ്യുന്നതിനുള്ള കൂലി (250 പേർക്ക്).

മേൽ വിവരിച്ച പ്രകാരം ആഹാര സാധനങ്ങൾ നിശ്ചയിച്ചിട്ടുള്ള അതാതു സമയങ്ങളിൽ പൊങ്കാല ഡ്യൂട്ടി നിർവ്വഹിക്കുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും മറ്റും വിളമ്പി നൽകുന്നതിന് വിളമ്പുകാരന് ഒരു ദിവസത്തേയ്ക്ക് എത്ര രൂപ എന്ന നിരക്കിൽ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കണം.

പൂർണ്ണ വിവരങ്ങൾ അടങ്ങിയ ക്വട്ടേഷനുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് മുദ്രവച്ച് **05.12.2018 ബുധനാഴ്ച** വൈകുന്നേരം 3.00 മണിക്കകം ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അന്നു വൈകുന്നേരം 4.00 മണിക്ക് അപ്പോൾ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി പൊട്ടിക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം **5,000/-** (അയ്യായിരം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങി നിരതദ്രവ്യമായി അടക്കം ചെയ്തിരിക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 200/- (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഒരു എഗ്രിമെന്റും **5,000/-** (അയ്യായിരം) രൂപയുടെ ഡിപ്പോസിറ്റും വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് ഭക്ഷണം പാചകം ചെയ്യുന്നതിൽ കുറഞ്ഞത് 5 വർഷത്തെയെങ്കിലും മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്. പാചകം നടത്തുന്നതിന് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റ് പാൻ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജ് എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഭക്ഷണ സാധനങ്ങൾ രുചികരമായ രീതിയിൽ മെസ്സ് കൺവീനറുടെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും, പാചകം ചെയ്യാൻ ഉപയോഗിക്കുന്ന സാധനങ്ങൾ ദുർവിനിയോഗം ചെയ്യാൻ പാടില്ലാത്തതുമാണ്. വിളമ്പികൊടുക്കുന്നതിലേയ്ക്കായി കൊണ്ടു വരുന്ന ആളുകൾ പാന്റും, ഷർട്ടും ധരിക്കുന്നവരും, സൽസ്വഭാവികളും, രോഗ വിമുക്തരുമായിരിക്കണം. കുറഞ്ഞത് 25 (ഇരുപത്തിഅഞ്ച്) ആൾക്കാരെങ്കിലും വിളമ്പുന്നതിന് ഉണ്ടായിരിക്കണം. കവറിന് പുറത്ത് **ആഹാരം പാചകം ചെയ്ത് വിളമ്പുന്നതിനുള്ള ക്വട്ടേഷൻ** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ക്വട്ടേഷൻ പൊട്ടിക്കുന്ന സമയത്ത് യാതൊരു മുന്നറിയിപ്പും കൂടാതെ മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷൻ നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി

**സെക്രട്ടറി**

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് ★ തിരുവനന്തപുരം - 695009 ★

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം
2. ഓഫീസ്

പകർപ്പ്: 1. പ്രസിഡന്റ്, എബിറ്റിറ്റി
2 ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം–2019
3. ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം–2019
4. കൺവീനർ, മെസ്സ് കമ്മിറ്റി, പൊങ്കാല മഹോത്സവം–2019
5. ഫയൽ